**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 210 — 05.02.2018 -ൽ മറുപടിക്ക്

## വിനോദസഞ്ചാരമേഖലയുടെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഐ.ബി. സതീഷ്<br>ശ്രീ. എ.എൻ. ഷംസീർ<br>ശ്രീ. കെ.ജെ. മാക്സി<br>ശ്രീ. എം. മുകേഷ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |

എ) ഈ സർക്കാർ വിനോദ സഞ്ചാര മേഖലയുടെ സമഗ്ര വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നൂതന പദ്ധതികൾ ഏതൊക്കെയാണ്; വ്യക്തമാക്കാമോ;

എ) കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിനും സഞ്ചാരികൾക്ക് പുതിയ അനുഭവങ്ങൾ നൽകുന്ന രീതിയിലുള്ള പദ്ധതികൾക്കുമാണ് പ്രാധാന്യം നൽകി വരുന്നത്. വകുപ്പ് നേരിട്ടും പൊതു സ്വകാര്യ പങ്കാളിത്തത്തോടെയും സ്വകാര്യ സംരംഭകരിലൂടെയുമാണ് പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നത്. ഈ സർക്കാർ വിനോദസഞ്ചാര മേഖലയുടെ സമഗ്ര വികസനത്തിനായി സ്വീകരിച്ചിട്ടുള്ള പ്രധാന പദ്ധതികളിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നവയാണ്.

- മലനാട്-മലബാർ ക്രൂയിസ് ടൂറിസം പ്രോജക്ട്
- മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- ആലപ്പുഴ ഹെറിറ്റേജ് പദ്ധതി
- ആലപ്പുഴ ഹൗസ് ബോട്ട് ട്രാക്കിംഗ്
- പൈതൃക ഗ്രാമ പദ്ധതികൾ
- ജഡായുപാറ ടൂറിസം പദ്ധതി.

ബി) വിദേശ സഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്ന

പ്രതിവർഷം 50 ലക്ഷത്തോളം സന്ദർശകരും 21 ഭാഷകളിലും ഉള്ള കേരള ടൂറിസത്തിന്റെ വെബ്സൈറ്റ്

തിനായി കേരളത്തിന്റെ പാരമ്പര്യകലാരൂപങ്ങൾ, കളരിപ്പയറ്റ്, ആയുർവേദം, മുതലായവയെ ബ്രാൻഡ് ചെയ്ത് ലോകവ്യാപകമായി പരിചയപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

സി) വൈവിധ്യമാർന്ന ടൂറിസം ഉൽപന്നങ്ങൾ അവതരിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ബി) യും സി) യും

മുഖേന കേരളത്തിന്റെ പാരമ്പര്യ കലാരൂപങ്ങളായ കളരിപ്പയറ്റ്, ആയുർവേദം, ടൂറിസം ഉൽപ്പന്നങ്ങൾ തുടങ്ങിയവയുടെ ബ്രാന്റിംഗ് ലോകവ്യാപകമായി നടത്തുന്നുണ്ട്.

കേരള ടൂറിസത്തിന്റെ യൂട്യൂബ് ചാനലുകളിലും കേരള ത്തിന്റെ പാരമ്പര്യ കലകളെക്കുറിച്ചും ആയുർവേദ ത്തെക്കുറിച്ചും ടൂറിസം ഉൽപ്പന്നങ്ങളെക്കുറിച്ചും വീഡിയോ ചിത്രങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു വർഷം ഒരു കോടി സന്ദർശകരാണ് കേരള ടൂറിസത്തിന്റെ യൂട്യൂബ് ചാനലുകൾ സന്ദർശിക്കുന്നത്.

കേരള ടൂറിസത്തിന്റെ സോഷ്യൽ മീഡിയകൾ വഴി (ഫേസ് ബുക്ക്, ട്വിറ്റർ, ഇൻസ്റ്റാഗ്രാം തുടങ്ങിയവ) കേരളത്തിന്റെ തനതു കലാരൂപങ്ങളും, ആയുർവേദം, കളരിപ്പയറ്റ്, ടൂറിസം ഉൽപ്പന്നങ്ങൾ തുടങ്ങിയവയും ബ്രാന്റ് ചെയ്യപ്പെടുന്നുണ്ട്. പ്രതിവർഷം 15 ലക്ഷം സന്ദർശകരാണ് കേരള ടൂറിസത്തിന്റെ ഫെയ്സ് ബുക്കിലും ട്വിറ്ററിലും ഉള്ളത്.

ഇതു കൂടാതെ ദേശീയ വ്യാപകമായി സംഘടിപ്പിക്കുന്ന എല്ലാ പ്രചരണ പരിപാടികളിലും കേരളത്തിന്റെ തനതു കലകൾ അവതരിപ്പിക്കപ്പെടുകയും ടൂറിസം ഉൽപ്പന്നങ്ങൾ ബ്രാന്റ് ചെയ്യപ്പെടുകയും ചെയ്യുന്നുണ്ട്.

ദേശീയ അന്തർദ്ദേശീയ തലത്തിലുള്ള മാധ്യമങ്ങൾ വഴിയുള്ള കേരള ടൂറിസത്തിന്റെ പ്രചരണ പരിപാടികളിൽ ആയുർവേദം, കളരിപ്പയറ്റ്, ടൂറിസം ഉൽപ്പന്നങ്ങൾ, കേരളത്തിന്റെ തനതു കലാരൂപങ്ങൾ എന്നിവ ബ്രാന്റ് ചെയ്യപ്പെടുന്നുണ്ട്.

സെക്ഷൻ ഓഫീസർ.